**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.391**
**2020 ഫെബ്രുവരി 4-ന് മറുപടി നൽകേണ്ടത്**
**കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ഡോ. റ്റി.എം.തോമസ് ഐസക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) ധനകാര്യവകുപ്പിന്റെ കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിൽ വിവിധ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ വെളിപ്പെടുത്തുമോ; | വിവിധ മരാമത്ത് വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് 01.04.2019 മുതൽ 31.01.2020 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.<br>(പട്ടിക താഴെ)<br>ഇതിനു പുറമേ, ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകേണ്ട കുടിശ്ശിക 252 കോടി രൂപയാണ്. |
| (ബി) ഇപ്രകാരമുള്ള കുടിശ്ശികയുടെ കണക്കുകൾ തദ്ദേശ സ്വയം ഭരണം, പൊതുമരാമത്ത്, ജലവിഭവം എന്നിങ്ങനെയുള്ള വകുപ്പുകളിൽ ഇനം തിരിച്ച് അറിയിക്കാമോ; ഇത് എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാ ക്രമം പാലിച്ച് പൊതുമരാമത്ത് ജലവിഭവം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട കരാറുകാരുടെ 2019 മാർച്ച് 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകം തന്നെ നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് 31 വരെയുള്ള ബില്ലുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം സമയ ക്രമം നിശ്ചയിച്ചിട്ടുണ്ട്. |

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത് പാലം) | 1154.60 |
| പൊതുമരാമത്ത് (കെട്ടിടം ) | 354.09 |
| ജലവിഭവം | 145.62 |

| കുടിശ്ശിക കാലയളവ് | തുകനൽകുന്ന തീയതി |
|---|---|
| ഏപ്രിൽ 2019 | 21.04.2020 |
| മേയ് 2019 | 19.05.2020 |
| ജൂൺ 2019 | 23.06.2020 |
| ജൂലൈ 2019 | 20.07.2020 |
| ആഗസ്റ്റ് 2019 | 17.08.2020 |

<table>
<tr>
<td></td>
<td>
തദ്ദേശ സ്വയംഭരണമടക്കമുള്ള മറ്റു വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കുന്നതിന് താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.
<table>
<tr><th>കുടിശ്ശിക കാലയളവ്</th><th>തുക നൽകുന്ന തീയതി</th></tr>
<tr><td>ഒക്ടോബർ 2019</td><td>20.05.2020</td></tr>
<tr><td>നവംബർ 2019</td><td>20.05.2020</td></tr>
<tr><td>ഡിസംബർ 2019</td><td>20.06.2020</td></tr>
<tr><td>ജനുവരി 2020</td><td>18.07.2020</td></tr>
</table>
മേൽ പ്രകാരമുള്ള സമയക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ഉടനടി മാറുന്നതിനായി ബിൽ ഡിസ്ക്കൌണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി) 2020 മാർച്ച് 31 വരെ ട്രഷറിയിൽ എത്തുന്ന ബില്ലുകൾ മാറാൻ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?</td>
<td>ഇതിനു പുറമേയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ് തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കപ്പെടുന്ന മുറക്ക് തന്നെ നിലവിൽ മാറി നൽകുന്നുണ്ട്.</td>
</tr>
</table>

**അക്കൗണ്ട്സ് ഓഫീസർ**